പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3377 — 23.06.2014 -ൽ മറുപടിയ്ക്ക്

# ബിവറേജസ് കോർപ്പറേഷൻവഴിയുള്ള മദ്യവിൽപ്പനയിലെ വർദ്ധനവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. നാരായണൻ | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | 418 ബാറുകൾ അടച്ചുപൂട്ടിയതിനു ശേഷം ഇതുവരെ ബിവറേജസ് കോർപ്പറേഷൻവഴി എത്ര മദ്യം വിറ്റഴിച്ചുവെന്ന് വ്യക്തമാക്കാമോ ; | (എ) | 2014-15 സാമ്പത്തിക വർഷത്തിൽ ഏപ്രിൽ, മെയ് മാസങ്ങളിൽ കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ മുഖേന 1774 കോടി രൂപയുടെ മദ്യം വിൽപ്പന നടത്തിയിട്ടുണ്ട്. 40.86 ലക്ഷം കെയ്സ് ഇന്ത്യൻ നിർമ്മിത വിദേശമദ്യമാണ് കോർപ്പറേഷൻ ഈ കാലയളവിൽ വില്പന നടത്തിയത്. |
| (ബി) | പ്രസ്തുത കാലയളവിൽ ബിവറേജസ് കോർപ്പറേഷൻവഴിയുള്ള മദ്യവിൽപ്പനയിൽ വർദ്ധനവുണ്ടായിട്ടുണ്ടോ ; എങ്കിൽ ഒരുമാസം വിറ്റിരുന്ന മദ്യത്തിന്റെ അളവിൽ ശരാശരി എത്ര വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (ബി) | കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ മുഖേന 2014 ഫെബ്രുവരി മാസത്തിൽ 19.01 ലക്ഷം കെയ്സ് ഇന്ത്യൻ നിർമ്മിത വിദേശമദ്യമാണ് വിൽപ്പന നടത്തിയത്. എന്നാൽ 2014 മാർച്ച് മാസത്തിൽ ഇത് 20.72 ലക്ഷം കെയ്സുകളായി. 2014 ഏപ്രിൽ മാസത്തിൽ 19.60 ലക്ഷം കെയ്സുകൾ വിൽപ്പന നടത്തിയപ്പോൾ 2014 മെയ് മാസത്തിൽ 21.26 ലക്ഷം കെയ്സുകളുടെ വിൽപ്പന നടത്തുകയുണ്ടായി. |
| (സി) | ഈ ഇനത്തിൽ എത്ര നികുതി വർദ്ധനവ് ഈ കാലയളവിൽ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | (സി) | 2014-15 (ഏപ്രിൽ, മെയ്) സാമ്പത്തിക വർഷത്തിൽ 1471.61 കോടി രൂപ കോർപ്പറേഷൻ സർക്കാർ ഖജനാവിലേയ്ക്ക് അടച്ചിട്ടുണ്ട്. ഇത് 2013-14 സാമ്പത്തിക വർഷത്തിലെ ഇതേ കാലയളവിൽ ഖജനാവിലേയ്ക്ക് അടച്ച 1365.03 കോടി രൂപയേക്കാൾ 106.58 കോടി രൂപ കൂടുതലാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ